**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 590** **11-11-2021 - ൽ മറുപടിയ്ക്ക്**

**തീവ്ര കന്നുകാലി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനം ഉയർത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച തീവ്ര കന്നുകാലി വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | ഊർജ്ജിത കന്നുകാലി വികസന പദ്ധതി തിരഞ്ഞെടുത്ത ഒരു പ്രത്യേക പ്രദേശത്തെ കന്നുകാലികളുടെ പാലുൽപാദനം ഒരു നിശ്ചിത സമയത്തിനുള്ളിൽ, നിശ്ചിത തോതിൽ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ തുടക്കംകുറിച്ച ഒരു സംയോജിത പദ്ധതിയാണ് ഊർജ്ജിത കന്നുകാലി വികസന പദ്ധതി. കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിന് selective cross breeding എന്ന രീതി അവലംബിക്കുകയും, അതുവഴി കന്നുകാലികളുടെ പാലുൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതി സംസ്ഥാനത്തെ ഉല്പാദനക്ഷമതയുള്ള പശുക്കളെ ഉദ്ദേശിച്ചുള്ളതും, അതോടൊപ്പം കന്നുകാലി വികസനത്തിന്റെ എല്ലാ മേഖലകളും പരിഗണിക്കുന്നതും, നിയന്ത്രിത ബീജസങ്കലനം, തീറ്റപ്പുൽ ഉൽപാദനം, സമീകൃതമായ ആഹാരരീതി നടപ്പാക്കൽ, ഫലപ്രദമായ രോഗ നിയന്ത്രണം എന്നിവ കൂടി ഉൾപ്പെടുന്നതുമാണ്. ഈ പ്രോജക്റ്റ് നടപ്പാക്കുന്നത് മേഖലാ മൃഗാരോഗ്യ കേന്ദ്രങ്ങൾ (ആർ.എ.എച്ച്.സി), ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, വെറ്ററിനറി പോളിക്ലിനിക്കുകൾ, വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ, വെറ്ററിനറി സബ്സെന്ററുകൾ എന്നിവ വഴിയാണ്. പദ്ധതിയുടെ ലക്ഷ്യങ്ങൾ എല്ലാ കന്നുകാലി വികസന പ്രവർത്തനങ്ങളും, ഈ പ്രോജക്റ്റിന് കീഴിൽ നടപ്പിലാക്കുക, കന്നുകാലികളുടെ ക്ഷീരോൽപാദനം സംബന്ധിച്ച് ശരിയായ അറിവ് പൊതുജന സമ്പർക്കത്തിലൂടെയും, സെമിനാറുകളിലൂടെയും കന്നുകാലി പ്രദർശനങ്ങളിലൂടെയും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുക, കന്നുകാലികളിലെ ഫലപ്രദമായ രോഗ നിയന്ത്രണം എന്നിവയാണ് ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി ലക്ഷ്യമിടുന്നത്. മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, മാള, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഓഫീസുകൾ പ്രവർത്തിക്കുന്നു. |
| (ബി) | പാലിന്റെയും പാലുല്പന്നങ്ങളുടെയും വർദ്ധിച്ച ആവശ്യത്തിനനുസരിച്ച് ഇവ ലഭ്യമാക്കാൻ കന്നുകാലികളുടെ ജനിതക ഗുണങ്ങൾ വർദ്ധിപ്പിച്ച് സങ്കരയിനം പശുക്കളെ വളർത്തിയെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കന്നുകാലികളുടെ ജനിതക ഗുണങ്ങൾ വർദ്ധിപ്പിച്ച് സങ്കരയിനം പശുക്കളെ വളർത്തിയെടുക്കുന്നതിനായി കെ.എൽ.ഡി.ബി. സ്വീകരിച്ചു വരുന്ന നടപടികൾ 1. ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപ്പാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉൽപ്പാദനശേഷി കൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. 2. പശുക്കളുടെ രോഗപ്രതിരോധ ശേഷി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി.ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻറ് റിസർച്ച് (IISER) ഉം സംയുക്തമായി ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ നാടൻ ഇനം പശുക്കൾക്ക്, രോഗപ്രതിരോധശേഷിയും, കാലാവസ്ഥയോട് ഇണങ്ങി ജീവിക്കാനുമുള്ള കഴിവും സങ്കരവർഗ്ഗങ്ങളേക്കാൾ കൂടുതലാണ്. ഉയർന്ന രോഗ പ്രതിരോധശേഷി പ്രദാനം ചെയ്യുന്ന നാടൻ പശുക്കളുടെ ജീനുകളെ കണ്ടെത്തി, അവയെ തന്മാത്രാ ജനിതക ശാസ്ത്രത്തിലെ ആധുനികസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി, സങ്കരവർഗ്ഗ പശുക്കളുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമാക്കുവാൻ സാധിക്കുമോ എന്ന ഗവേഷണമാണ് പ്രധാനമായും ഈ സംയുക്ത സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇത് ഫലപ്രദമായാൽ സംസ്ഥാനത്തെ പശുക്കളുടെ രോഗപ്രതിരോധശേഷി വർദ്ധിക്കുകയും, ഉൽപ്പാദനം മെച്ചപ്പെടുന്നതുമാണ്. 3. ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ള പശുക്കൾക്ക് ഏറ്റവും ഉയർന്ന പ്രജനന മൂല്യമുള്ള വിത്തുകാളകളുടെ ബീജം ലഭ്യമാക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 4. ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി 29.59 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. 5. സന്തതി പരിശോധന (പ്രോജനി ടെസ്റ്റിംഗ്) പദ്ധതിയിലൂടെ ജനിക്കുന്ന മേൽത്തരം വിത്തുകാളക്കുട്ടികളുടെ പ്രജനന മൂല്യം (ബ്രീഡിംഗ് |

| | | | |
|---|---|---|---|
| | | | വാല്യു), ജനിതക ശാസ്ത്ര രീതികളിലൂടെ കണ്ടെത്തി, അവയിൽ ഏറ്റവും മെച്ചമായവയെ പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 6. പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരെഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരെഞ്ഞെടുത്ത് ഉപയോഗപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ നടപടികൾ കന്നുകുട്ടിപരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പുതലത്തിൽ നടപ്പിലാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സ്കീമിൽ ഗോവർദ്ധിനി CAP കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് പ്രതിവർഷം 2,00,000 കന്നുകുട്ടികൾ ജനിക്കുന്നു എന്നാണ് കണക്ക്. ഇപ്രകാരം ഉള്ള കന്നുകുട്ടികൾക്ക് മതിയായ ശാസ്ത്രീയ പരിചരണം ലഭ്യമായാൽ മാത്രമേ അവ ആരോഗ്യമുള്ള പശുക്കളായി വളർന്ന് പൂർണ്ണ രീതിയിൽ പാലുൽപാദനം നടത്തുകയുള്ളൂ. പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്ന കന്നുകുട്ടികൾക്ക് അവ പ്രസവിക്കുന്നതുവരെ അല്ലെങ്കിൽ 32 മാസം വരെ ഏതാണോ ആദ്യം എത്തുക അതുവരെ സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നു. അതോടൊപ്പം വിര മരുന്നുകൾ, ധാതുലവണ മിശ്രിതം, എന്നിവയും നൽകുന്നുണ്ട്. കന്നുകുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്. |
| (സി) | ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം, ദുർബല വിഭാഗങ്ങൾക്ക് പോഷകാഹാരമൂല്യം എന്നിവയിൽ കന്നുകാലി വികസന പദ്ധതി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഗ്രാമീണ ജനതയ്ക്ക് തൊഴിലവസരം, ദുർബല വിഭാഗങ്ങൾക്ക് പോഷകാഹാരമൂല്യം എന്നിവയിൽ കന്നുകാലി വികസന പദ്ധതി ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വീട്ടിലെ ആവശ്യത്തിനുൾപ്പെടെ കർഷകർ ചെറിയ തോതിൽ ഒന്നോ, രണ്ടോ പശുക്കളെ വളർത്തുക എന്ന പഴയ രീതിയിൽ നിന്ന് മാറ്റം വരികയും, മൃഗസംരക്ഷണ മേഖലയെ വരുമാനം ലഭിക്കുന്ന തൊഴിൽ മേഖലയായി കർഷകർ ഇപ്പോൾ കണക്കാക്കി വരുന്നു. അതുകൊണ്ട് തന്നെ ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾക്ക് മൃഗസംരക്ഷണ മേഖല ഒരു അനുഗ്രഹമാണ്. വകുപ്പുതലത്തിലെ വിവിധ പദ്ധതികൾ തൊഴിൽ രഹിതരായ യുവാക്കളെ ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നതിനു പ്രേരണ നൽകുന്നതാണ്. കൂടാതെ ക്ഷീര സംഘങ്ങൾ വഴി പാൽ ശേഖരിക്കുന്നതും വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഊർജ്ജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കിയതിനു ശേഷം |

| | | | |
|---|---|---|---|
| | | | പോഷകാഹാരമായ പാലിന്റെ ആളോഹരി ലഭ്യത വളരെയധികം വർദ്ധിച്ചിട്ടുണ്ട്. 1964-65 ൽ പാലിന്റെ ആളോഹരി ലഭ്യത 33 gm ആയിരുന്നത് 2020-2021 ലെ കണക്കുകൾ പ്രകാരം (പ്രൊവിഷണൽ) 190 gm ആയി ഉയർന്നിട്ടുണ്ട്. അതിൽ പശുവിൻ പാലിന്റെ മാത്രം ആളോഹരി ലഭ്യത 180 gm ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കന്നുകാലി വികസനവുമായി ബന്ധപ്പെട്ട് തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, തീറ്റപ്പുൽ കൃഷി എന്നീ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ടി പ്രവർത്തികൾ കന്നുകാലി സംരക്ഷണത്തിന് സഹായകരമാകുന്നതോടൊപ്പം ഗ്രാമീണ മേഖലയിൽ തൊഴിലവസരവും ഉണ്ടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ